LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇലക്ട്രിസിറ്റി ബോർഡിന് ആവശ്യമായ മീറ്ററുകൾ മൽസര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചാണ് വാങ്ങുന്നത്. അവരിൽ ഗുണനിലവാരം ഉള്ളതും ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തുന്നതുമായ കമ്പനികളിൽ നിന്നുമാണ് മീറ്റർ വാങ്ങുന്നത്. ആയതിനാൽ ദർഘാസുകൾ ക്ഷണിക്കാതെ ബോർഡിനാവശ്യമായ മീറ്ററുകൾ കൊല്ലം മീറ്റർ കമ്പനിയിൽ നിന്നും വാങ്ങാൻ നിർവ്വാഹമില്ല.

(ബി) ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിൽ പൊതുമേഖലാ കമ്പനികൾക്ക് യാതൊരു ഇളവുകളും നൽകുന്നില്ല. ബോർഡിന്റെ ചെലവ് വർദ്ധിക്കാൻ കാരണ മാകുന്ന നയപരമായ തീരുമാനങ്ങൾ റഗുലേറ്ററി കമ്മീഷന്റെ പരിശോധനയ്ക്ക് വിധേയമാണ്.

(സി) ഇലക്ട്രിസിറ്റി ബോർഡിന്റെ ദർഘാസുകളിൽ ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തുകയാണെങ്കിൽ പ്രസ്തുത കമ്പനിയിൽ നിന്നും മീറ്റർ വാങ്ങുന്നതാണ്. മീറ്ററുകൾക്കുള്ള ദർഘാസുകൾ ക്ഷണിക്കുന്നത് 10 വർഷത്തെ ഗ്യാരണ്ടി നിഷ്കർഷിച്ചിട്ടാണ്.

കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രോണിക് മീറ്ററുകൾ

121 [124] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡ് നൽകിയ ഇലക്ട്രോണിക് മീറ്ററുകൾ വൈദ്യുതി ഉപഭോഗം അശാസ്ത്രീയമായി രേഖപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് വൈദ്യുതി ബോർഡിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വൈദ്യുതി ബോർഡ് ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഇലക്ട്രോണിക് മീറ്ററുകളെപ്പറ്റി ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇലക്ട്രോണിക് മീറ്ററുകളെ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ കീഴിലുള്ള മീറ്റർ ടെസ്റ്റിംഗ് ലാബുകളിൽ മീറ്ററുകൾ പരിശോധിക്കുന്നതിനും ടി പരിശോധനയിൽ തെറ്റായി കാണുന്ന മീറ്ററുകളുണ്ടെങ്കിൽ അവ മാറ്റി ശരിയാണെന്ന് സർട്ടിഫൈ ചെയ്ത് മീറ്ററുകൾ സ്ഥാപിക്കുന്നതിനും വൈദ്യുതി ബോർഡിനും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി ബോർഡ് തുടർനടപടികൾ എടുത്തു വരുന്നു. എല്ലാ സെക്ഷൻ ഓഫീസുകളിലും പരാതി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതി ശരിയാണെന്നു കണ്ടാൽ കൂടുതലായി നൽകിയ തുക മടക്കി നൽകാനും തീരുമാനിച്ചു.